2021 വർഷത്തെ രണ്ടാമത്തെ അവലോകന യോഗം 07.07.2021-ന് ഡയറക്ടറും മറ്റ് അംഗങ്ങളും കോവിഡ് മാനദണ്ഡം പാലിച്ച് കോൺഫറൻസ് ഹാളിലും മറ്റുള്ളവർ ഓൺലൈൻ ആയും പങ്കെടുത്തു നടത്തുകയുണ്ടായി. പങ്കെടുത്തവരുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. കഴിഞ്ഞ യോഗത്തിൽ പരാമർശിച്ച വിഷയങ്ങളിൽ നടപടിയുണ്ടാകാത്ത വിഷയങ്ങൾ വകുപ്പദ്ധ്യക്ഷൻ യോഗത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു.

പ്രാർത്ഥനയോടെ തുടങ്ങിയ യോഗത്തിൽ ഡയറക്ടർ ആമുഖ പ്രസംഗം നടത്തി. ഡയറക്ടറേറ്റിൽ എന്തെങ്കിലും വീഴ്ച ഉണ്ടെങ്കിലോ, ഡയറക്ടറേറ്റ് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിലോ എല്ലാപേർക്കും ഡയറക്ടറേ നേരിട്ടോ അല്ലാതെയോ അറിയിക്കാവുന്നതാണെന്ന് പറഞ്ഞു.

സ്പെഷ്യൽ ഇന്റൻഡ് പ്രൊഫോർമ ചുരുക്കം ചിലർ ഒഴികെ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാർ വ്യക്തതയോടെ നൽകുന്നുണ്ടെന്നും അതിൽ അഭിനന്ദിക്കുന്നു എന്നും ഡയറക്ടർ അറിയിച്ചു. എന്നാൽ പുതുക്കിയ പ്രൊഫോർമയിൽ കോളം നം.20 ഇപ്പോഴും പലർക്കും കൺഫ്യൂസിംഗ് ആണെന്നും അറിയിച്ചു.(Column 20- Period for which drug was intended. അതിന് കോളം നം.19 അനുബന്ധമായി **"Column No-19 previous purchase order with date"** previous purchase order -ന് കിട്ടിയ മരുന്നിന്റെ ഉപയോഗ കാലാവധി എടുത്തു കാണിക്കുക എന്നതാണ് ഉദ്ദേശിച്ചത് എന്നും എങ്കിലേ ഡയറക്ടറേറ്റിൽ സമയ നഷ്ടം ഇല്ലാതെ പരിശോധിക്കുവാൻ സാധിക്കു എന്നും അങ്ങിനെ എൻട്രി നടത്തുവാൻ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകുവാനും ആവശ്യപ്പെട്ടു.

ഇപ്പോൾ വളരെ അധികം സ്പെഷ്യൽ ഇന്റൻഡ് വരുന്നുണ്ടെന്നും, ഏകദേശം ആന്വൽ ഇന്റൻഡ് തുകയ്ക്ക് സ്പെഷ്യൽ ഇന്റൻഡും നൽകേണ്ടി വരും എന്നാണ് ഇപ്പോൾ മരുന്ന ആവശ്യം കണ്ടിട്ട് തോന്നുന്നത് എന്നും ഡയറക്ടർ അറിയിച്ചു.

സ്പെഷ്യൽ ഇന്റൻഡിന് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാർ പ്രത്യേകമായി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്ന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ പരിശോധിക്കേണ്ടതാണെന്നും സ്പെഷ്യൽ ഇന്റൻഡ് വഴി മരുന്നു വാങ്ങുന്ന ഓരോ രോഗിയും രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തി അവർക്കു നൽകുന്ന മരുന്നിന്റെ ഡീറ്റെയിൽസ് എഴുതി സൂക്ഷിക്കേണ്ടതാണെന്നും 09.03.2021 -ൽ നടന്ന അവലോകന യോഗത്തിൽ പറഞ്ഞിരുന്ന പ്രകാരം ഒരു രോഗിയ്ക്ക് എല്ലാ മാർഗ്ഗങ്ങളിലൂടെയും നൽകുന്ന മരുന്നുകളുടെയും (anual intend, special intend, എംപാനൽ ആശുപത്രി വഴി medical re-imbursement of outside

priscription) എംപാനൽ ആശുപത്രികളിൽ നിന്നും എമർജൻസി ആയി എടുക്കുന്ന ചികിത്സയുടെയും എല്ലാ വിവരങ്ങളും രോഗിയുടെ മെഡിക്കൽ റിക്കോർഡിൽ മെഡിക്കൽ ഓഫീസർ രേഖപ്പെടുത്തേണ്ടതാണെന്നും അവ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ ഡിസ്പെൻസറി പരിശോധന സമയത്ത് പരിശോധനയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും സ്ഥാപനം ഓഡിറ്റ് നടത്തുമ്പോൾ ഇവ പരിശോധിക്കുവാൻ ഓഡിറ്റ് വിംഗ് പ്രത്യേക നിർദ്ദേശം നൽകേണ്ടതാണ് എന്നും അറിയിച്ചു.

സ്പെഷ്യൽ ഇന്റൻഡ് വഴി നൽകുന്ന മരുന്നുകൾ രോഗിയ്ക്ക് നൽകുവാനായി എംപാനൽ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുമ്പോൾ, റഫറൻസ് ലറ്ററിൽ മരുന്ന് ഇ.എസ്.ഐ സ്ഥാപനത്തിൽ നിന്നും issue ചെയ്തിട്ടുണ്ടെന്ന വസ്തുത രേഖപ്പെടുത്തിയിരിയ്ക്കേണ്ടതാണെന്നും, അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കായിരിയ്ക്കും എന്നും അറിയിച്ചു.

## എംപാനൽ ബിൽ പാസ്സാക്കുന്നത് സംബന്ധിച്ച്

എംപാനൽ ആശുപത്രി ബില്ലുകൾ പാസ്സാക്കി അയച്ചിരിക്കുന്നതിന്റെ പ്രോസീഡിംഗ്സ് പരിശോധിയ്ക്കുമ്പോൾ പാക്കേജിൽ പാസ്സാക്കേണ്ടുന്ന ചികിത്സകൾക്ക് തന്നെ കൂടുതലായി non-package amount-ഉം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു എന്ന വസ്തുതയും പാക്കേജ് ചികിത്സയുടെ കൂടെ നോൺ പാക്കേജ് തുക മാനദണ്ഡപ്രകാരം പാസാക്കേണ്ടിവരുമ്പോൾ നോൺ പാക്കേജ് തുക പാസ്സാക്കിയിരിയ്ക്കുന്നത് എന്തിനാണെന്നും എത്ര തുകയാണ് അങ്ങിനെ അനുവദിച്ചിരിയ്ക്കുന്നത് എന്നും റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തേണ്ടതാണെന്നും ഡയറക്ടർ അറിയിച്ചു.

നോൺ പാക്കേജ് ബില്ലുകൾ പാസാക്കുമ്പോൾ ആശുപത്രി നൽകുന്ന ബിൽ സ്റ്റേറ്റ്മെന്റിൽ പെൻസിൽ കൊണ്ടു രേഖപ്പെടുത്തി അവസാന പേജിൽ ഒരു തുക രേഖപ്പെടുത്തി, പ്രസ്തുത തുക പാസ് ആക്കിയതായി രേഖപ്പെടുത്തി പ്രൊസീഡിംഗ്സ് സൂപ്രണ്ടുമാർ അയയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു എന്നും നോൺ പാക്കേജ് ബില്ലുകൾ പരിശോധിക്കുമ്പോൾ ഓരോ bill/statement page wise പാസാക്കാവുന്ന തുക വ്യക്തമായി പാസാക്കി ഒടുവിൽ ആകെ തുക പാസാക്കി വേണം പ്രൊസീഡിംഗ്സ് ഇറക്കുവാൻ എന്നും നിർദ്ദേശിച്ചു. ഈ വസ്തുതകൾ നിലനിൽക്കുന്നതിനാൽ റീജിയണൽ ഡയറക്ടർമാർ അടിയന്തിരമായി അവരുടെ കീഴിലുള്ള ആശുപത്രികൾ സന്ദർശിച്ച് എംപാനൽ ബിൽ പാസാക്കുന്നത് random ചെക്ക് നടത്തി വേണ്ടുന്ന നടപടികൾ എടുക്കേണ്ടതാണെന്നും ഡയറക്ടർ അറിയിച്ചു.

കോവിഡ് തുടർന്നു പോകുന്നതിനാൽ കോവിഡ് അവസാനിക്കും വരെ ഡിപ്പാർട്ട്മെന്റിന്റെ ജോലികൾ നീട്ടികൊണ്ടുപോകുവാൻ ആകില്ല എന്നും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് എംപാനൽ ബിൽ ആഡിറ്റ്, സ്ഥാപനങ്ങളുടെ പൊതുവായ ആഡിറ്റ് എന്നിവ നടത്തുവാൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ നടപടി എടുക്കേണ്ടതാണ് എന്നും ഡയറക്ടർ അറിയിച്ചു.

09.03.2021-ന്റെ മീറ്റിംഗിൽ secondary care റഫറൻസ് കുറക്കുവാൻ നടപടികൾ എടുക്കേണ്ടതാണ് എന്നും, റഫറൻസ് സംബന്ധിച്ച റിപ്പോർട്ട്, റഫറൻസ് കുറക്കുവാനുള്ള നടപടികൾ ഉൾപ്പെടുത്തി നൽകണം എന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും സൂപ്രണ്ടുമാർ ആരും ഇതുവരെ അത് നൽകിയിട്ടില്ല എന്ന വസ്തുത ഡയറക്ടർ യോഗത്തിൽ ശ്രദ്ധയിൽപ്പെടുത്തി അത് അടിയന്തിരമായി നൽകേണ്ടതാണ് എന്നറിയിച്ചു. ഓരോ ഡിപ്പാർട്ട്മെന്റിൽ നിന്നും അധികമായി പോകുന്ന സ്പെഷ്യാലിറ്റി റഫറൻസ് procedure -കളെ സംബന്ധിച്ചും, അത് കുറക്കുവാനുള്ള നിർദ്ദേശങ്ങൾ അടക്കം അടിയന്തിരമായി ഡയറക്ടർക്ക് സമർപ്പിക്കണം എന്ന് നിർദ്ദേശിച്ചു. ആശുപത്രികളിൽ bed occupancy 70% കൂടുതൽ ആണെങ്കിൽ ഒരു ഐ.പി-യ്ക്ക് 200/- രൂപ എന്ന കണക്കിന് ESI Corporation State Government-ന് നൽകുവാൻ ബാദ്ധ്യസ്ഥയാണ് എന്നും ഇന്നത്തെ സാഹചര്യത്തിൽ അത് ലഭിയ്ക്കാതിരിയ്ക്കുന്നതിനുള്ള കാരണം നമ്മുടെ ആശുപത്രികളിൽ bed occupancy കുറവായതുകൊണ്ടാണെന്നും ഡയറക്ടർ യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി.

## <u>ഉപകരണങ്ങൾ വാങ്ങുന്നതു സംബന്ധിച്ച്</u>

ആശുപത്രികൾക്ക് ആവശ്യമുള്ള ഉപകരണങ്ങൾ അധികവും ഡയറക്ടറേറ്റിൽ നിന്നും വാങ്ങുന്നത് ഇ.എസ്.ഐ കോർപ്പറേഷൻ അനുവദിക്കുന്ന പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ പ്ലാൻ പ്രകാരവും, കേരള സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയും ആണെന്നും ഈ വർഷം കോർപ്പറേഷൻ ഒരു ഐ.പി-യ്ക്ക് 200/- രൂപ കണക്കിന് പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും അതിനുള്ള പ്രോജക്റ്റ് ഇ.എസ്.ഐ കോർപ്പറേഷന് നൽകേണ്ടുന്നത് ഒക്ടോബർ -15-ന് മുൻപാണെന്നും പ്രസ്തുത തുക മുഴുവനായും ഇ.എസ്.ഐ കോർപ്പറേഷൻ കേരള സർക്കാരിന് തിരികെ നൽകുന്ന തുകയാണെന്നും അതിനാൽ ആവശ്യം ഉള്ളതിൽ കഴിയുന്നത്ര ഉപകരണങ്ങൾ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ പ്ലാൻ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി കൊടുക്കുവാൻ വ്യക്തമായ പ്രൊഫോർമ വേണ്ടുന്ന രേഖകൾ ഉൾപ്പെടുത്തി ഇപ്പോഴെ തയ്യാറാക്കി വയ്ക്കുവാനും ഡയറക്ടർ ആവശ്യപ്പെടുമ്പോൾ താമസം ഇല്ലാതെ അവ ഡയറക്ടറേറ്റിൽ എത്തിക്കുവാൻ വേണ്ട നടപടികൾ എടുക്കേണ്ടതാണ് എന്നും അറിയിച്ചു. ആഗസ്റ്റ് മാസ

അവസാനത്തോടെ ആയിരിയ്ക്കും പ്ലാൻ ഫണ്ടിനുള്ള അപേക്ഷ site-ൽ upload ചെയ്യേണ്ടിവരുക. നേരത്തെ സൂചിപ്പിച്ചതിൻ പ്രകാരം പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ പ്ലാനിന് ഒരു ഐ.പി-യ്ക്ക് 200/- രൂപ കണക്കിന് 10000000 ഐ.പി ആണെങ്കിൽ 20 കോടി രൂപയാണ് ഈ വകയിൽ ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്നും ലഭിക്കുന്നത് എന്ന വസ്തുത മനസ്സിലാക്കി വേണം പ്രോപ്പസൽ സമർപ്പിക്കേണ്ടത് എന്നും ഡയറക്ടർ അറിയിച്ചു.

സ്റ്റോറുകളിൽ മരുന്നുകൾ എത്തിയിട്ടും, മരുന്നുകൾ distribution നടത്തുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിരിയ്ക്കുന്ന വിവരവും, അന്വേഷണത്തിന് പ്രധാന കാരണം staff shortage ആണെന്ന് അറിയുകയുണ്ടായി എന്നും അത് പരിഹരിക്കാനായി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരുമായി ചർച്ച ചെയ്ത് major supply വരുന്ന സമയത്ത് കുറച്ച് ദിവസങ്ങളിൽ കൂടുതൽ ഫാർമസിസ്റ്റുകൾ ഉള്ള ഡിസ്പെൻസറികളിൽ നിന്നും ഡിസ്പെൻസറി ജോലിയെ ബാധിക്കാത്ത വിധത്തിൽ ഉദ്യോഗസ്ഥരെ ഡെപ്യൂട്ട് ചെയ്യുവാൻ നടപടി എടുക്കേണ്ടതാണ് എന്ന് ഡയറക്ടർ അറിയിച്ചു. മരുന്നുകൾക്ക് ഓർഡർ നൽകുമ്പോൾതന്നെ വിതരണത്തിന് വേണ്ടുന്ന മറ്റ് അനുബന്ധകാര്യങ്ങൾ തയ്യാറാക്കിവെക്കുവാൻ store in charge officer -മാരും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരും ശ്രദ്ധിക്കേണ്ടതാണ് എന്ന് ഡയറക്ടർ അറിയിച്ചു.

സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും, പല വാടക കെട്ടിടങ്ങളുടെയും സ്ഥിതി ശോചനീയമാണെന്ന് അറിയാമെന്നും, അവയെ സംബന്ധിച്ച് റീജിയണൽ ഡയറക്ടർ ഇ.എസ്.ഐ കോർപ്പറേഷനുമായി ചർച്ച നടത്തിയെന്നും, repair and maintenance കാര്യക്ഷമവും വേഗത്തിലും ആക്കുവാൻ പിഡബ്ല്യുഡി -യെ ജോലി ഏൽപ്പിക്കുന്ന കാര്യം അദ്ദേഹം മുന്നോട്ട് വച്ചു എന്നും അതിനായി ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെയും, പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെയും അനുമതി ലഭിച്ചാൽ ചർച്ചകൾ നടത്തി തീരുമാനം എടുക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഡയറക്ടർ അറിയിച്ചു.

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ അവരുടെ കീഴിലുള്ള കെട്ടിടങ്ങൾക്ക് വേണ്ടുന്ന repair work സംബന്ധിച്ച് ഒരു വിശദമായ റിപ്പോർട്ട് നൽകുവാനും, കെട്ടിടത്തിന്റെ മോശമായ സ്ഥിതി കാരണം മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റേണ്ടുന്ന സ്ഥാപനങ്ങളെകുറിച്ചും റിപ്പോർട്ട് നൽകുവാനും നിർദ്ദേശിച്ചു.

തുടർച്ചയായ അവധി ദിവസങ്ങൾ വരുമ്പോൾ രോഗികൾക്ക് വേണ്ടുന്ന സേവനങ്ങൾ നൽകുവാൻ ക്രമീകരണങ്ങൾ നടത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ് എന്നറിയിച്ചു. തന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ prevention, promotive care, antenatal care തുടങ്ങിയവ നല്ല രീതിയിൽ നടത്തികൊണ്ടുപോകുവാൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ വേണ്ട ശ്രദ്ധ പതിപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചു.

സർക്കാർ നിർദ്ദേശിച്ചിരിയ്ക്കും പ്രകാരമുള്ള കാര്യങ്ങൾ എല്ലാം ഉൾപ്പെടുത്തി ഓരോ സ്ഥാപനത്തിലും വേണ്ടുന്ന ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ എന്ന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ പരിശോധിക്കേണ്ടതാണ് എന്നും വീഴ്ചകൾ ഉണ്ടെങ്കിൽ പരിഹാര നടപടികൾ എടുക്കേണ്ടതാണ് എന്നും ഡയറക്ടർ അറിയിച്ചു. അതു പോലെ പരാതി പരിഹാര സെൽ മീറ്റിംഗ്, വെൽ ഫെയർ കമ്മിറ്റി മീറ്റിംഗ്, ആശുപത്രി വികസന സമിതി മീറ്റിംഗ് തുടങ്ങിയവ സമയബന്ധിതമായി നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും വേണം.

ധന്വന്തരി സ്റ്റേറ്റ് നോഡൽ ഓഫീസർ, ഡോ.രാധാകൃഷ്ണൻ ധന്വന്തരി സംബന്ധിച്ച് ധന്വന്തരി വഴി ഓൺലൈൻ സർട്ടിഫിക്കറ്റും മറ്റും വളരെ കുറവ് നൽകുന്ന ഡിസ്പെൻസറികളുടെ വിവരവും, അതിൽ ചിലതിൽ ഉള്ള സാങ്കേതിക തടസ്സങ്ങളെകുറിച്ചും, നോഡൽ ഓഫീസർ വിശദീകരിച്ചു. ധന്വന്തരി മൊഡ്യൂൾ കഴിയുന്നത്ര ഉപയോഗിക്കുവാനായി സ്റ്റേറ്റ് നോഡൽ ഓഫീസറുമായി ആലോചിച്ച് വേണ്ട നടപടി എടുക്കുവാൻ ഡയറക്ടർ റീജിയണൽ ഡയറക്ടർമാർക്ക് നിർദ്ദേശം നൽകി. ആദ്യ പടി എന്ന നിലയ്ക്ക് ഒ.പി കുറവുള്ള ഡിസ്പെൻസറികളിലും, രണ്ട് ഷിഫ്റ്റിൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ഉച്ചയ്ക്കുശേഷം ഒ.പി കുറവുള്ള ഇടങ്ങളിലും, രോഗികളുടെ ചികിത്സാവിവരവും മറ്റും ധന്വന്തരി മൊഡ്യൂളിൽ upload ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വേണ്ട നടപടികൾ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ എടുക്കണം എന്നും നിർദ്ദേശിച്ചു. ധന്വന്തരി മൊഡ്യൂളിന്റെ പ്രവർത്തനം അവലോകനം ചെയ്ത് മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്ന സ്റ്റേറ്റുകൾക്ക് ഒരു ഐ.പി-ക്ക് 20/- രൂപ എന്ന കണക്കിന് ഇ.എസ്.ഐ കോർപ്പറേഷൻ നൽകുന്നുണ്ടെന്നും, നമ്മുടെ ഇപ്പോഴത്തെ പ്രവർത്തനം അത് ലഭിക്കുവാൻ പര്യാപ്തമല്ലെന്നും, അത് നേടി എടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണെന്നും ഡയറക്ടർ അറിയിച്ചു.

വളരെ ചുരുക്കം ചില ഡിസ്പെൻസറികളിൽ LAX സർട്ടിഫിക്കേഷൻ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിബന്ധനകൾ പാലിച്ച് മാത്രം സർട്ടിഫിക്കറ്റുകൾ നൽകുന്ന കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും അറിയിച്ചു.

പേരൂർക്കട ഇ.എസ്.ഐ ആശുപത്രി കോവിഡ് ട്രീറ്റ്മെന്റ് സെന്റർ എന്നത് മാറ്റി തിരികെ ലഭിക്കുന്നതിനെകുറിച്ച് സൂപ്രണ്ട് ആരാഞ്ഞു. കോവിഡ് -19 മൂന്നാം തരംഗം ഉടനെ പ്രതീക്ഷിക്കുന്നതിനാൽ അത് ഇപ്പോൾ സാധിക്കുമോ എന്ന് ഡയറക്ടർ ആരാഞ്ഞു. ആരോഗ്യവകുപ്പ് ഡയറക്ടർ, ജില്ല കളക്ടർ എന്നിവരുമായി വിഷയം ചർച്ച ചെയ്യുവാനും നിർദ്ദേശിച്ചു. പ്രിന്ററുകൾക്ക് കാട്രിജ്ഡ് ഇല്ല എന്ന വസ്തുത സൂപ്രണ്ട് ചൂണ്ടികാണിച്ചു. കംപ്യൂട്ടർ, പ്രിന്റർ, കാട്രിഡ്ജ് non availability എന്നീ പ്രശ്നങ്ങൾ ചർച്ച ചെയ്തു. ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട സെക്ഷൻ അതിനു വേണ്ടുന്ന പരിഹാര നടപടി കാലതാമസം ഇല്ലാതെ എടുക്കേണ്ടതാണ് എന്ന് ഡയറക്ടർ നിർദ്ദേശിച്ചു.

വടവാളുർ ആശുപത്രി സൂപ്രണ്ട് പ്രത്യേകമായി ഒന്നും അറിയിക്കുവാനില്ല എന്നറിയിച്ചു.

ആലപ്പുഴ ആശുപത്രിയിൽ ക്ലറിക്കൽ സ്റ്റാഫിന്റെ കുറവുണ്ടെന്ന് സൂപ്രണ്ട് അറിയിച്ചു. കഴിയുന്നതും വേഗത്തിൽ ഒരു ക്ലാർക്കിനെ നിയമിക്കുവാൻ ശ്രമിക്കാം എന്ന് ഡയറക്ടർ അറിയിച്ചു.

എറണാകുളം ആശുപത്രിയിൽ ഒരു ക്ലാർക്കിന്റെ ഒഴിവ് നികത്തേണ്ടതുണ്ട് എന്നും സ്റ്റാഫ് നഴ്സുമാരുടെ കുറവ് പ്രവർത്തനത്തെ ബാധിക്കുന്നു എന്നും സ്ഥിരമായി ഫിസീഷ്യൻ ഇല്ലാത്തതും പ്രവർത്തനത്തെ ബാധിക്കുന്നുണ്ടെന്നും സൂപ്രണ്ട് അറിയിച്ചു. ഡോക്ടർമാരുടെ ഒഴിവ് ഇല്ലാത്തതാണ് ഫിസിഷ്യന്റെ നിയമനം വൈകുന്നതിനുള്ള കാരണം എന്ന് ഡയറക്ടർ അറിയിച്ചു.

അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഹോമിയോയുടെ 2 തസ്തിക നിയമനം നടത്താൻ നടപടി സ്വീകരിക്കണമെന്ന് ഡെപ്യൂട്ടി ഡയറക്ടർ ഹോമിയോ അറിയിച്ചു. ഹോമിയോ ആയുർവേദ ഡയറക്ടറേറ്റുകളിൽ ഇന്റേണൽ ആഡിറ്റ് നടത്തുന്നതിനും ആവശ്യപ്പെട്ടു.

ഒളരിക്കര ആശുപത്രി, 100 beded ആശുപത്രിയിൽ ഒരു ഫാർമസിസ്റ്റിന്റെ പോസ്റ്റ് മാത്രമേ ഉള്ളൂ എന്ന് സൂപ്രണ്ട് അറിയിച്ചു. രണ്ടു പേരെങ്കിലും വേണ്ടുന്നതാണ് എന്നും അറിയിച്ചു. അതിന് വേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഡയറക്ടർ നിർദ്ദേശിച്ചു. ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്നും സൂപ്രണ്ട് അറിയിച്ചു. എത്രയും വേഗത്തിൽ തസ്തിക നികത്താം എന്ന് ഡയറക്ടർ അറിയിച്ചു.

മുളംകുന്നത്തുകാവ് ആശുപത്രി, ഡയാലിസിസ് യൂണിറ്റിന് സ്റ്റാഫില്ലെന്നും, ആയുർവേദത്തിന്റെ 20 bed strength 30 ആക്കണമെന്നും ആബുലൻസ് വേണമെന്നും സൂപ്രണ്ട് ആവശ്യപ്പെട്ടു. ഡയാലിസിസ് യൂണിറ്റിന് സ്റ്റാഫിനായി പ്രൊപ്പോസൽ നൽകിയാൽ ഗവൺമെന്റിന് സമർപ്പിക്കാമെന്നും, ആയുർവേദ യൂണിറ്റിന്റെ കാര്യം ഗവൺമെന്റിന്റെ പരിഗണനയിൽ ആണെന്നും ആബുലൻസിന് ഫണ്ടിനായി പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഇ.എസ്.ഐ കോർപ്പറേഷന് നൽകിയിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചു.

ഫറൂക്ക് ആശുപത്രി - സൂപ്രണ്ട് ഡിസ്പെൻസറികളിലെ സ്റ്റാഫ് പാറ്റേൺ ഇപ്പോൾ പല വിധത്തിൽ ആണെന്നും അവ ക്രമീകരിക്കേണ്ടതാണെന്നും അറിയിച്ചു. ഡയറക്ടറേറ്റിൽ നിന്നും നൽകിയിരിക്കുന്ന കംപ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് റിപ്പയറിംഗും സംബന്ധിച്ച് സംശയം ഉന്നയിച്ചു. ഡയറക്ടറേറ്റിലെ ഐ.റ്റി ഡെപ്യൂട്ടി മാനേജർ ശ്രീ.സുനിൽ സംശയ നിവാരണം നടത്തി.

തോട്ടട ആശുപത്രി സംബന്ധിച്ച് പ്രത്യേകിച്ച് ഒന്നും അറിയിക്കാനില്ലെന്ന് സൂപ്രണ്ട് അറിയിച്ചു. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ ആരും പ്രത്യേക നിർദ്ദേശം ഒന്നും ഉന്നയിക്കുകയുണ്ടായില്ല.

ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, സെക്ഷൻ സൂപ്രണ്ടുമാർ ആർക്കെങ്കിലും എന്തെങ്കിലും അറിയിക്കുവാനുണ്ടോ എന്ന അന്വേഷണത്തിന് സൂപ്രണ്ട് ശ്രീമതി മാലിനി ഇപ്രകാരം അറിയിച്ചു. ഡിസ്പെൻസറികളിൽ ഡയറക്ടർ അംഗീകരിച്ചു നൽകിയിരിക്കുന്ന ക്വട്ടേഷൻ പ്രകാരം വാങ്ങുന്ന മരുന്നിന്റെ പേയ്മെന്റ് ഡയറക്ടറുടെ അനുമതി പ്രകാരം ഡിസ്പെൻസറികൾക്ക് ഡയറക്ടറേറ്റിൽ നിന്നും തുക വാങ്ങി പേയ്മെന്റ് നടത്താവുന്നതാണ് .

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഉമാദേവി.എൽ.ഡി യോഗത്തിൽ സംബന്ധിച്ചവർക്ക് നന്ദി രേഖപ്പെടുത്തി.



ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

## BI-MONTHLY MEETING ON 07.07.2021

| Sl No | Name & Designation | Name of Institution |
|---|---|---|
| 1 | Dr. Sudheer Babu. P.K, Director | Directorate of Insurance Medical Services |
| 2 | Umadevi. L.D, Senior Administrative Officer | Directorate of Insurance Medical Services |
| 3 | Sri. Sachith, S, Finance Officer | Directorate of Insurance Medical Services |
| 4 | Dr. Vijayan, RDD | South Zone, Kollam |
| 5 | Dr. Manoj, RDD | North Zone, Kozhikkode |
| 6 | Dr. Joan Karan Meyen, RDD | Central Zone, Ernakulam |
| 7 | Dr. S Radhakrishnan, State Nodal Officer, | Dhanwantri |
| 8 | Dr. Malini.B, Superintendent | ESI Hospital, Peroorkada |
| 9 | Dr. Lalymol, Superintendent | ESI Hospital, Ernakulam |
| 10 | Dr. Chandra Kumari, Superintendent | ESI Hospital, Olarikkara |
| 11 | Dr. Sasi.L, Superintendent | ESI Hospital, Mulamkunnathukavu |
| 12 | Dr. S.K, Subramanian, Superintendent | ESI Hospital, Palakkad |
| 13 | Dr. Sudhir Kumar, Superintendent | ESI Hospital, Feroke |
| 14 | Dr. Bindhu Mahesh, Superintendent | ESI Hospital, Thottada |
| 15 | Dr. V.A.Cini Priyadarsini, Superintendent | ESI Hospital, Alappuzha |
| 16 | Dr. Rajeev, Superintendent | ESI Hospital, Vadavathoor (Kottayam) |
| 17 | Dr. Bindu Mary Francis, Insurance Medical Officer | ESI Dispensary, Pattathanam |
| 18 | Dr. V.Subha, Insurance Medical Officer | ESI Dispensary, Kasargod |
| 19 | Dr. Latha Sahadevan, Deputy Director(Ayurveda) | Office of the Director of Insurance Medical Services |
| 20 | Dr. Ajitha.T.P, Deputy Director (Homoeo) | Office of the Director of Insurance Medical Services |
| 21 | Smt. Malini.B, Senior Superintendent | Office of the Director of Insurance Medical Services |
| 21 | Smt. Jayasree, Junior Superintendent | Office of the Director of Insurance Medical ServicesSmt. |
| 22 | Smt.Vanajakumari, Junior Superintendent | Office of the Director of Insurance Medical ServicesSmt. |
| 23 | Sri Anil Kumar.L, Senior Superintendent | Office of the Director of Insurance Medical Services |
| 24 | Smt. Shyja Lohidasan, Manager, IT Division | Office of the Director of Insurance Medical ServicesSmt. |
| 25 | Sri. Sunil.S, Nodal Officer | Office of the Director of Insurance Medical ServicesSmt. |
| 26 | Smt. Sheela.M, IT Division | Office of the Director of Insurance Medical ServicesSmt. |
| 27 | Asokan.K.V, Store Keeper | Central Store, Office of the Director of Insurance Medical Services |
| 28 | Sri. Mohammad Aali, Store Keeper | Sub Store, Chakkorathukulam, Kozhikkode |
| 29 | Sri.Manoj.K.C, Store Keeper | Sub Store, Kochi |

**Director of Insurance Medical Services**